ഓവർലുക്ക് ചെയ്ത് ഈ പാലത്തിന്റെ പണിയേറെടുത്തിട്ടുണ്ട്. ഇതിനു വേണ്ടി പണം ഡപ്പോസിറ് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ എന്തൊക്കെ സംസ്ഥാന ഗവൺമെന്റും റെയിൽവേയുമായി ബന്ധപ്പെട്ട് ചെയ്യാൻ കഴിയുമോ അതൊക്കെ ചെയ്യുന്നതിന് പരിശ്രമിക്കാം എന്നു മാത്രമേ പറയാൻ കഴിയുകയുള്ളൂ.

ശ്രീ. പി. എം. അബൂബേക്കർ : ജനങ്ങളുടെ ക്ഷമ ഇനിയും പരീക്ഷിക്കാത്ത വിധത്തിൽ അടിയന്തിര നടപടികൈക്കൊള്ളാൻ വേഗത കൂട്ടുമോ ?

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : ക്ഷമ എല്ലാവർക്കും നല്ലതാണെന്നു മാത്രമേ അതിനെക്കുറിച്ച് പറയാനുള്ളൂ. സംസ്ഥാന ഗവൺമെന്റിന്റെ കുറ്റം ഇക്കാര്യത്തിൽ ഇല്ല. അത് ബഹുമാനപ്പെട്ട മെമ്പർക്കറിയാം. തീർച്ചയായും ഇതിനുള്ള വ്യക്തമായ ഒരു താൽപ്പര്യംകൂടി എടുക്കും.

III സബ്മിഷൻ

1. പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

ശ്രീ. കെ. പി. എ. മജീദ് : സർ, കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ഉയർച്ചയിലും വളർച്ചയിലും സജീവമായ പങ്ക് വഹിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളിലെ പതിനായിരത്തിലധികം വരുന്ന ജീവനക്കാർ ഇന്ന് ഒരു സമരത്തിന്റെ വക്കിലാണ്. മിതവും ന്യായവുമായ ഏതാനും ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിനും ഗവൺമെന്റിനും മുമ്പിലുള്ള ചില ആവശ്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടിയാണ് സഹകരണ പ്രസ്ഥാനത്തിലെ വിവിധ യൂണിയനുകൾ സമരത്തിലേക്ക് ഇറങ്ങിവന്നത്. സഹകരണ പ്രസ്ഥാനത്തെ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയോഗിച്ചു. പലപ്പോഴായി കമ്മിറ്റികൾ യോഗം ചേർന്നുവെങ്കിലും വ്യക്തമായ ഒരു ധാരണയിലോ തീരുമാനത്തിലോ എത്തിച്ചേരാൻ ഇതുവരെ സാധിച്ചില്ലെന്നുള്ളതാണ് വസ്തുത. സഹകരണ മേഘലയിലെ ജീവനക്കാർക്ക് മാനേജുമെന്റിന്റെ കരുണാകടാക്ഷംകൊണ്ടുമാത്രം ശമ്പളം വാങ്ങാനും ആനുകൂല്യം നേടിയെടുക്കാനും കഴിയുന്ന ഒരു പ്രത്യേക പരിതഃസ്ഥിതിയാണിന്നുള്ളത്. സഹകരണ വകുപ്പിലെ ശമ്പളപരിഷ്കരണ റിപ്പോർട്ടിനെ സംബന്ധിച്ച് അന്തിമമായി തീരുമാനമെടുക്കാനുള്ള ശുപാർശകൾ ഗവൺമെന്റിലിരിക്കുന്നതുകൊണ്ട് അതിനെ സംബന്ധിച്ച് വ്യക്തമായി വേഗത്തിൽ ഒരു തീരുമാനം എടുത്ത് പ്രഖ്യാപിക്കണമെന്ന് സഹകരണ വകുപ്പുമന്ത്രിയോട് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : സർ, പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള സ്കെയിലുകളും മറ്റ് അലവൻസുകളും 24-11-1980-ലെ ജി.ഒ.എം.എസ്. 446/80.എ.ഡി. നമ്പർ പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. ഈ ശമ്പള പരിഷ്കരണത്തിന് 1-4-1979 മുതൽ അഞ്ചു വർഷത്തേക്കായിരുന്നു പ്രാബല്യമുണ്ടായിരുന്നത്. ഇതിന്റെ കാലാവധി തീർന്നത് 31-3-1984-ൽ ആണ്. അതുകൊണ്ട് 1-4-1984 മുതൽ പ്രാബല്യത്തോടുകൂടി ഒരു ശമ്പള പരിഷ്കരണം നടത്തേണ്ടതായിട്ടുണ്ട്. പ്രാഥമിക സഹകരണസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സഹകരണവകുപ്പു സെക്രട്ടറി, ചെയർമാനായി ഒരു കമ്മറിയെ നിയോഗിച്ചിട്ടുണ്ട്. ഇതിന്റെ ശുപാർശകളനുസരിച്ച് 14-11-1986-ൽ പുറപ്പെടുവിച്ച ഉത്തരവനുസരിച്ചുള്ള നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

എടുത്തുവരുകയാണ്. സെക്രട്ടറി ചെയർമാനും സഹകരണസംഘം രജിസ്ട്രാർ, ശ്രീ. കരുണാകരൻ നമ്പ്യാർ, ശ്രീ. ഗംഗാധരൻ നായർ, ശ്രീ. മൊയ്തു തുടങ്ങിയവരാണ് ഈ കമ്മിറ്റിയിലെ അംഗങ്ങൾ. സംസ്ഥാന സഹകരണ ബാങ്കിന്റെ എം. ഡി. യും ഇതിൽ അംഗമാണ്. പ്രൈമറി അഗ്രികൾച്ചർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലെയും പ്രൈമറി സഹകരണ സംഘങ്ങളിലേയും അതുപോലെ ഭവനനിർമ്മാണ സഹകരണ സംഘങ്ങളിലേയും ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമായിരിക്കും. ഏറ്റവും ചുരുങ്ങിയത് 75 രൂപയും കൂടിയത് 125 രൂപ വരെയും ലഭിക്കുന്ന ഒരു ശമ്പള പരിഷ്കരണം നടപ്പിലാക്കി അതിന്റെ പൂർണ്ണമായ രൂപം ഗവൺമെന്റ് പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. അതുപോലെ ഈ ശമ്പള പരിഷ്കരണംമൂലം ഒരു ജീവനക്കാരനു ലഭിക്കുന്ന മറ്റു പല ആനുകൂല്യങ്ങളുണ്ട്. 200 രൂപ മെഡിക്കൽ അലവൻസ് ഉണ്ട്. അതിൽ കൂടാതെയും ഉണ്ട്. ഹൗസ് അലവൻസിനെ സംബന്ധിച്ചിടത്തോളം കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് തുടങ്ങിയ കോർപ്പറേഷനുകളിൽ 150 രൂപയും അതുപോലെ മുനിസിപ്പൽ–പഞ്ചായത്ത് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സുകൾ തുടങ്ങിയ സ്ഥലങ്ങളിൽ 100 രൂപയും അല്ലെങ്കിൽ അവരുടെ ശമ്പളത്തിന്റെ ആറു ശതമാനവും ബാക്കിയുള്ള സ്ഥലങ്ങളിൽ പത്തു രൂപയുടെ സ്ഥാനത്ത് 20 രൂപയുമാക്കിക്കൊണ്ടുള്ള ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളത്. എല്ലാ നടപടികളും പൂർത്തിയായിട്ടുണ്ട്.

2. പൊക്കാളി നിലങ്ങളിലെ പമ്പിംഗിന് ഈടാക്കുന്ന കറൻറ് ചാർജ്ജ്

ശ്രീ. ടി. കെ. അബ്ദു: സർ, എറണാകുളം ജില്ലയിൽ പടിഞ്ഞാറൻ പ്രദേശങ്ങൾ മുഴുവൻ പൊക്കാളി നിലങ്ങളാണ്. പൊക്കാളി കൃഷി ചെയ്യുന്നതിന് ഓരു വെള്ളം കടക്കാതിരിക്കുന്നതിനു വേണ്ടി ബണ്ട് കെട്ടി കൃഷി ചെയ്യുകയാണ്. വിത നടക്കുന്ന കാലങ്ങളിൽ വെള്ളം അധികരിച്ചുവന്നാൽ പമ്പുചെയ്ത് പുറത്തേക്ക് കളയുന്നതിനുവേണ്ടി മോട്ടോർവച്ച് വെള്ളം അടിക്കുന്ന സമ്പ്രദായമുണ്ട്. അങ്ങനെ വെള്ളം അടിക്കുന്നതിനുവേണ്ടിയുള്ള പമ്പ് വർക്ക് ചെയ്യുന്നത് ഒരു മാസത്തിനുതാഴെമാത്രമാണ്. ആറ്റെട്ടു കൃഷിക്കാർക്കുവേണ്ടിയാണ് ഒരു മോട്ടോർ വച്ചിട്ടുള്ളത്. അവരിൽനിന്ന് ഒരു മാസം ഈടാക്കുന്നത് 360 രൂപയാണ്. മിനിമം ഗാരണ്ടി വച്ചായിരിക്കും അത് ഈടാക്കുന്നതെന്ന് ചിലപ്പോൾ മന്ത്രി പറയുമായിരിക്കും. പന്ത്രണ്ടു മാസവും അവരിൽനിന്ന് പൈസ ഈടാക്കി. ഈ വർഷത്തിലാണെങ്കിൽ പൊക്കാളി കൃഷി അവിടെ നടന്നിട്ടില്ല. അൽപ്പം കൃഷി അവിടെ നടന്നതുതന്നെ പകുതി പകുതിയായിട്ടാണ് കൊയ്തത്. ഇപ്പോൾ കുട്ടനാടൻ പ്രദേശങ്ങളിലും തൃശ്ശൂരിലെ കോൾ നിലങ്ങളിലുള്ള കൃഷിക്കാർക്ക് ഗവൺമെൻറ് പമ്പിംഗ് സബ്സിഡി കൊടുക്കുന്ന സമ്പ്രദായം നിലവിലുണ്ട്. എറണാകുളം ജില്ലയിൽമാത്രം ഈ പാവപ്പെട്ട കൃഷിക്കാരെ സഹായിക്കുന്നില്ല. അവർ വൈദ്യുതിക്കു വേണ്ടി അപേക്ഷിച്ചിട്ടുണ്ട്. കൃഷി ചെയ്യാനുള്ള ആഗ്രഹമുണ്ട്. 360 രൂപ വച്ച് പന്ത്രണ്ടു മാസവും അവരോട് ഈടാക്കുന്നത് മനുഷ്യത്വമില്ലാത്ത പ്രവൃത്തിയാണ്. അദ്ധ്വാനവർഗ്ഗത്തിനുവേണ്ടി നിലകൊള്ളുന്ന ഈ ഗവൺമെൻറ് അവരെ അതിൽനിന്നു ഒഴിവാക്കിത്തരണമെന്ന് വിനീതമായി ഗവൺമെൻറിനോട് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, അദ്ദേഹം പറഞ്ഞ സ്ഥലം എവിടെയാണെന്ന് അദ്ദേഹത്തിന്റെ സബ്മിഷനിൽനിന്ന് വ്യക്തമല്ല. എങ്കിലും 300-ൽ കൂടുതൽ രൂപ ഈടാക്കുന്ന രണ്ട് പമ്പു സെറ്റ് കണക്ഷനുകൾമാത്രമേ ആ പ്രദേശത്തുള്ളു

LIBRARY ARCHIVES Kerala Legislative Assembly